**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എസ്.ധർമ്മരാജന് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 513/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 22/02/2017

പരാമർശം : 1) കെ.എസ്.ആർ.ഭാഗം-1, റൂൾ 113 പ്രകാരമുള്ള ശ്രീ.എസ്.ധർമ്മരാജന്റെ 02/02/2015 തീയതീയായുള്ള അപേക്ഷ.

2) നഗരകാര്യ ഡയറക്ടറുടെ 09/11/2016 തീയതിയിലെ ജി2/7029/2015 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എസ്.ധർമ്മരാജന് 28/08/2014 മുതൽ 31/01/2015 വരെ (157 ദിവസം) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച നൽകണമെന്ന് പരാമർശം (1) പ്രകാരമുള്ള അപേക്ഷയിന്മേൽ ടിയാളിന് ശൂന്യവേതനാവധി അനുവദിച്ച നൽകണമെന്ന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ ഡഫേദാർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എസ്.ധർമ്മരാജന്. ടിയാൻ അനധികൃതമായി ഓഫീസിൽ ഹാജരാകാതെയിരുന്ന 28/04/2014 മുതൽ 31/01/2015 വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം - 1, ചട്ടം 88 പ്രകാരം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഷിബു.എ.റ്റി**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ശ്രീ.എസ്.ധർമ്മരാജൻ, ഡഫേദാർ, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ

(സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ മുഖേന)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ